**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3759** **06-08-2021 - ൽ മറുപടിയ്ക്ക്**

**എസ്.സി. /എസ്.ടി. വിഭാഗക്കാർക്ക് അനുവദിക്കുന്ന ഫണ്ടുകളുടെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | എസ്.സി. /എസ്.ടി. വിഭാഗക്കാർക്ക് അനുവദിക്കുന്ന ഫണ്ടുകൾ കൃത്യമായി ചെലവഴിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത ഫണ്ട് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹരണ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു. ആഡിറ്റ് വിഭാഗം കാലാകാലങ്ങളിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ യഥാവിധി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗക്കാർക്കായി പട്ടിക വർഗ്ഗ ഉപപദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ട് അതാത് വർഷം കൃത്യമായി ചെലവഴിക്കുന്നുണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പ് വരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ചു യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു. സംസ്ഥാന തലത്തിൽ ചീഫ് |

| | | | |
|---|---|---|---|
| | | | സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പ്രധാന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ ബഹു മുഖ്യമന്ത്രി, ബഹു. വകുപ്പ് മന്ത്രി എന്നിവരും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി പദ്ധതി സംസ്ഥാന തലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകളിൽ സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. ഫണ്ട് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇപ്രകാരം 13 പദ്ധതികളുടെ ഓൺലൈൻ സംവിധാനം നാഷണൽ ഇൻഫർമേഷൻ സെന്റർ, ന്യൂഡൽഹിയുടെ സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകൾ വകുപ്പിന്റെ ഡാറ്റാ ബേസിൽ നിന്നും വരുന്നതിനാൽ ബാങ്ക് അക്കൗണ്ട് നമ്പർ വ്യത്യാസം വരുത്തുവാൻ കഴിയുകയില്ല. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ് ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നു എന്ന് പി.ഒ./ടി.ഡി.ഒ./ ടി.ഇ.ഒ മാർ ഉറപ്പ് വരുത്തുന്നതാണ്. അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ അവരുടെ ഫോണിലേയ്ക്ക് അപേക്ഷ സ്വീകരിച്ചതിന്റെ സന്ദേശം എസ്.എം.എസ് മുഖേന ലഭിക്കും. പ്രമോട്ടർമാരുടെ സഹായത്തോടെ ഈ അപേക്ഷയുടെ നിലവിലെ സ്ഥിതിയും അപേക്ഷകന് അറിയാവുന്നതാണ്. തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുമ്പോൾ തന്നെ അപേക്ഷകരുടെ ഫോണിലേയ്ക്കും എസ്.എം.എസ് ലഭിക്കുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പ് വരുത്തുന്നതിന് വകുപ്പിലെ പ്രമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ